

നിത്യചൈതന്യയതി

# നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം

പ്രിയപ്പെട്ട ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് അറിയുന്നതിന്,

വളരെക്കാലമായി എനിക്ക് അങ്ങയിലും ഉല്പാദനപ്രക്രിയയിൽ മുഴുകിയിരിക്കുന്ന തൊഴിലാളി സുഹൃത്തുക്കളിലും വളരെ സ്നേഹവും പ്രത്യാശയും ഉണ്ടെന്നു ഞാൻ പറയാതെതന്നെ അങ്ങേയ്ക്ക് അറിയുവാൻ കഴിഞ്ഞിട്ടുണ്ടാകണം. കഴിഞ്ഞിട്ടില്ലെങ്കിൽ ഞാൻ ആ വസ്തുത ഇപ്പോൾ തുറന്നുപറയുകയാണ്. അങ്ങ് എന്നെപ്പറ്റി ഇതിനിടയിൽ മൂന്നുനാലുപ്രാവശ്യം നടത്തിയിട്ടുള്ള പരാമർശങ്ങളെ ഞാൻ വസ്തുനിഷ്ഠമായിത്തന്നെ വിചിന്തനം ചെയ്തു നോക്കിയിട്ടുണ്ട്.

നാരായണഗുരുകുലം വെറുമൊരു ശ്രീനാരായണപ്രസ്ഥാനമല്ല. എന്നാൽ 'ആത്മോപദേശശതക'വും, 'ദർശനമാലയും', 'അറിവും', 'അദ്വൈതദീപികയും', 'ജാതിനിർണ്ണയവും', 'ജാതിലക്ഷണവും', എഴുതിത്തന്നിട്ടുള്ള നാരായണഗുരുവിന്റെ മനുഷ്യത്വത്തെയും സർവ്വ സമന്വയസ്വരൂപമുള്ള ദർശനത്തെയും മുമ്പിൽ കണ്ടുകൊണ്ട് ഭാരതീയരും അല്ലാത്തവരുമായ മനുഷ്യസ്നേഹികളായ. അനേകം മാർഗ്ഗദർശികളുടെ വഴിത്താരയിൽ സഞ്ചരിക്കുന്ന സത്യാന്വേഷികളുടെ ഒരു കൂട്ടായ്മയാണ് നാരായണ ഗുരുകുലം.

സംഘടിച്ചു ശക്തരായി സംഖ്യാബലം ഇല്ലാത്തവരെ തകർക്കണമെന്നുള്ള ഉദ്ദേശ്യം ഞങ്ങൾക്കില്ല. വിദ്യയെ ഒരു വിനിമയമാധ്യമമാക്കി പണവും അധികാരവും ഉന്നതപദവിയും നേടി വരുംതലമുറകളിൽ തെറ്റായ ലോഭം വളർത്തിയെടുക്കുവാൻ ഞങ്ങൾക്കു തീരെ ആഗ്രഹമില്ല. അങ്ങനെയുള്ള വിദ്യ ആരെയും പ്രബുദ്ധരാക്കുകയില്ല. എന്റെ മതം മാത്രം സത്യം. നിന്റെ മതം മോശം എന്ന ചിന്താഗതിയും ഞങ്ങൾക്കില്ല. മതം അതിന്റെ ആഴത്തിൽ വ്യഷ്ടിഗതമായ മാനദണ്ഡങ്ങളുണ്ടാക്കി അതിൽ വിശ്വസിക്കുന്നവന്റെ സ്വകാര്യചര്യയാണ്. എത്ര മഹാനായ രക്ഷകനായാലും, പ്രവാചകനായാലും ലോകഗുരുപ്പട്ടമുള്ളവനായി കരുതുന്ന ആചാര്യനായാലും മനുഷ്യന്റെ അഭിപ്രായത്തിന് 'അഭിപ്രായം' എന്നതിൽക്കവിഞ്ഞ് ഞങ്ങൾ ഒരു വിലയും കൊടുക്കുന്നില്ല.

ഒരു ചെറിയ എറുമ്പിനുപോലും ഒരുതരി പഞ്ചസാരയെ അതേ നിറത്തിലും രൂപത്തിലുമുള്ള മണൽത്തരിയിൽനിന്നും തിരിച്ചറിയാനുള്ള ബുദ്ധിയുണ്ട്. അതുകൊണ്ട് ആധുനികശാസ്ത്രത്തെ കണക്കിലെടുത്ത് ഞങ്ങൾ ബുദ്ധിശക്തി മനുഷ്യന്റെ മാത്രം ജന്മാവകാശമാണെന്നു കരുതുന്നില്ല. സംവരണമോ ക്രീമിലെയറോ ഒന്നുമല്ല ഞങ്ങളുടെ പ്രശ്നങ്ങൾ. സംവരണത്തെപ്പറ്റി പറഞ്ഞപ്പോഴൊക്കെ ഞങ്ങൾ രാജ്യത്തുവന്നു ജനിച്ച ശിശു മുതൽ വൃദ്ധൻവരെയുള്ള എല്ലാവർക്കും ജീവിതോപാധികൾ കഷ്ടതയനുഭവിക്കാതെ ആ രാജ്യത്തു തന്നെ സുലഭമാക്കണം എന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

> മനുവിനുശേഷം, ആകെ രാഷ്ട്രത്തിന്റെ മാനവികതയെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഒരു ധർമ്മശാസ്ത്രം രാഷ്ട്രത്തിന്റെ ഭരണഘടനയായി എഴുതിയുണ്ടാക്കിയിട്ടുള്ളത് ഡോക്ടർ അംബേദ്കറാണ്.

ജാതിമതങ്ങളുടെ ആനുഷംഗികത ജനിതകത്തിൽക്കൂടി തെളിയിക്കുവാൻ ചില പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ ശ്രമിച്ചപ്പോഴൊക്കെ അതിന്റെ പൊള്ളത്തരം ശാസ്ത്രീയമായിത്തന്നെ നിഷേധിക്കുവാൻ ആഫ്രിക്കൻ അടിമകളുടെ സന്താനപരമ്പരയിൽനിന്നു വന്ന ശാസ്ത്രജ്ഞന്മാർക്കു കഴിഞ്ഞിട്ടുണ്ട്.

മനുവിനുശേഷം, ആകെ രാഷ്ട്രത്തിന്റെ മാനവികതയെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഒരു ധർമ്മശാസ്ത്രം രാഷ്ട്രത്തിന്റെ ഭരണഘടനയായി എഴുതിയുണ്ടാക്കിയിട്ടുള്ളത് ഡോക്ടർ അംബേദ്കറാണ്. ഏതെങ്കിലും ജാതിയിലോ മതത്തിലോ അദ്ദേഹം പെടുന്നുവെങ്കിൽ ആ ജാതിയുടെ പേര് മനുഷ്യസ്നേഹം എന്നാണ് ഞങ്ങൾ പറയുക; മതത്തിന്റെ പേര് ആകെ ജനതയ്ക്കു ലഭിക്കേണ്ടുന്ന ആത്യന്തികമായ നീതിയുടെ മതം എന്നും.

ഞാൻ ശ്രീനാരായണഗുരുവിന്റെ മാനുഷികമായ ഉത്കൃഷ്ടദർശനങ്ങളിൽ കലവറയില്ലാതെ സഹകരിക്കുന്നവനാണ്. എന്നാൽ അത്രയുംതന്നെ ഹൃദയപൂർവ്വം ചട്ടമ്പിസ്വാമികളേയും എന്റെ ഉൾക്കണ്ണു തുറപ്പിച്ചിട്ടുള്ള ദാർശനികഗുരുവായി ഞാൻ സദാ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ അത്യന്തം സരളവും കരുണാമസൃണവുമായ ജീവിതത്തെ മാതൃകയാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. എനിക്കു നാരായണഗുരുകുലത്തെ ഒരു പ്രസ്ഥാനമാക്കി അതിനൊരു "വത്തിക്കാൻ' പണിതുകൊടുക്കണമെന്നോ ഒരു ആചാര്യപീഠം ഉണ്ടാക്കിക്കൊടുക്കണമെന്നോ ഒന്നും ഒരു താത്പര്യവുമില്ല. അക്കാര്യത്തിൽ ചട്ടമ്പിസ്വാമികൾ എനിക്കു മാതൃകാപുരുഷനാണ്.

ഞാൻ ഭാരതീയതയെ ഏറെ മാനിക്കുന്നവനും ഭാരതീയ സംസ്കാരത്തിന്റെ ഏടുകളിൽ അന്യാദൃശമായ പ്രഭചൊരിയുന്ന ദർശനങ്ങളും കലകളും ശാസ്ത്രംതന്നെയും തിരികെയെടുത്ത് പുനഃപ്രകാശനം ചെയ്താൽ ലോകോത്തരം ആയിരിക്കുമെന്നു വിശ്വസിക്കുന്നവനുമാണ്.

ബൃഹദാരണ്യകോപനിഷത്തിനു വിപുലമായ ഒരു വ്യാഖ്യാനം ഇംഗ്ളീഷിലും മലയാളത്തിലുംമൂന്നു വാല്യങ്ങളിലായി ഞാൻ എഴുതിയിട്ടുള്ളത് ഹിന്ദുമതത്തോടുള്ള പ്രതിപത്തികൊണ്ടല്ല. സ്ത്രീകൾക്ക് വേദവേദാന്തപാനം നിരോധിച്ചിരുന്ന കാലത്ത്, യാജ്ഞവല്ക്യൻ ഗാർഗ്ഗിയെ ശുക്ളയജ്ജുർവേദത്തിന്റെ ആവിഷ്കാരത്തിൽ പങ്കാളിയായി സ്വീകരിച്ചു. ഗാർഗ്ഗിയുടെ സഹോദരീപുത്രിയായ മൈത്രേയി ബ്രഹ്മവിദ്യതേടി യാജ്ഞവല്ക്യന്റെ അടുത്തുചെന്നപ്പോൾ അവളുടെ സൗന്ദര്യം യാജ്ഞവല്ക്യനെ പ്രലോഭിപ്പിച്ചില്ല. എന്നാൽ അവളുടെ ജ്ഞാനതൃഷ്ണ അദ്ദേഹത്തെ കീഴടക്കുകതന്നെ ചെയ്തു. യാജ്ഞവല്ക്യന് അറിയാവുന്ന എല്ലാ വേദാന്തശാസ്ത്രങ്ങളിലും അവഗാഹം നേടുവാൻ അദ്ദേഹം മൈത്രേയിക്ക് അവസരം നല്കി. താൻ സന്യസിക്കാൻ പോകുമ്പോൾ കുടുംബത്തോട് അവഗണനയോ അനീതിയോ കാണിക്കരുതെന്നു കരുതി സ്വത്തുക്കൾ തന്റെ അനന്തരാവകാശികളായ സ്ത്രീകൾക്കു ലഭിക്കാനായി വ്യവസ്ഥചെയ്തുവച്ചു. ഇന്നും നാം ഹിന്ദുനിയമം എടുത്തു വായിക്കുമ്പോൾ കാണുന്ന ആദ്യത്തെ പരാമർശം ഭാര്യയെ വിട്ടുപോകുന്ന ഭർത്താവ് ഭാര്യയ്ക്കു ചെയ്തുവയ്ക്കേണ്ടതായ ജീവനസുരക്ഷയെപ്പറ്റി യാജ്ഞവല്ക്യൻ വിധിച്ചിട്ടുള്ളതായ കാര്യമാണ്. ശതപഥബ്രാഹ്മണ്യത്തിന്റെ അന്ത്യത്തിൽ ചേർത്തിരിക്കുന്ന ബൃഹദാരണ്യകോപനിഷത്തിന്റെ ആരംഭത്തിലും ഗ്രന്ഥത്തിന്റെ അവസാനത്തിലും ബ്രാഹ്മണനു മാത്രമേ വേദാദ്ധ്യയനം നല്കുവാൻ അവകാശമുള്ളൂ എന്നു കരുതിയിരുന്ന ഒരുകാലത്ത് സ്വദേശികളായ രണ്ടു രാജാക്കന്മാർ (ക്ഷത്രിയർ) ബ്രഹ്മജ്ഞാനം അവകാശപ്പെട്ടിരുന്ന രണ്ടു ബ്രാഹ്മണരെ അറിവിന്റെ കാര്യത്തിൽ പിന്നിലാക്കിയതായി പറയുന്നു. ആ ബ്രാഹ്മണരെ അവഹേളിക്കാതെ അവർക്കു കാരുണ്യത്തോടെ പ്രതിലോമമായി ബ്രഹ്മവിദ്യ ഉപദേശിച്ചു കൊടുക്കുവാൻ സന്മനസ്സു കാണിച്ച ക്ഷത്രിയരാജാക്കന്മാരായ അജാതശത്രുവും പ്രവാഹണനും മനുഷ്യവർഗ്ഗത്തിനെന്നും മാതൃകകളായിരിക്കേണ്ടവരാണ്.

പതിനായിരം ജന്മങ്ങൾ പാടിയും പ്രാർത്ഥിച്ചും യജ്ഞഹോമാദികൾ നടത്തിയും ദാനങ്ങൾ നല്കിയും ജീവിച്ചാലും ആത്മജ്ഞാനം അന്വേഷിക്കാത്തവന് ഒരിക്കലും മുക്തനാകാൻ കഴിയുകയില്ല എന്നുറപ്പിച്ചു പറയുവാൻ തക്കവണ്ണം യാജ്ഞവല്ക്യൻ ധീരനായിരുന്നു. ഇതെല്ലാമാണ് എന്നെ ആ ഉപനിഷത്തിലേക്ക് ആകർഷിച്ചിട്ടുള്ളത്. അല്ലാതെ ജാത്യാഭിമാനമോ മതാഭിമാനമോ ഒന്നുമല്ല.

'ഹിന്ദു' പത്രത്തിൽ വന്ന അങ്ങയുടെ പ്രസംഗത്തിന്റെ റിപ്പോർട്ടു വായിച്ചപ്പോൾ ജാതിയെപ്പറ്റി അങ്ങു ചെയ്തിരിക്കുന്ന പരാമർശങ്ങൾ കാണുകയുണ്ടായി.

ബൃഹദാരണ്യകത്തിലെ രണ്ടു മന്ത്രങ്ങൾ ശ്രദ്ധേയമാണ്. ഒന്നിൽ പറയുന്നു ആദ്യം ഇവിടെ മനുഷ്യരുടെയിടയിൽ ഒരു വ്യത്യാസവുമില്ലായിരുന്നു, എല്ലാവരും ബ്രാഹ്മണരായിരുന്നു എന്ന്. (ജാതി ബ്രാഹ്മണനല്ല, ഉൺമ, അറിവ്, ആനന്ദം ഈ മൂന്നിലും തത്പരരായിരുന്നവർ.) എന്നാൽ ഗുണധർമ്മങ്ങളനുസരിച്ച് ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ഉണ്ടായിട്ടും ലോകത്തിന് അഭിവൃദ്ധിയുണ്ടായില്ല. അപ്പോൾ പൂഷാവ് എന്നു വിളിക്കപ്പെടുന്ന ഭൂമിയുടേയും സൂര്യന്റേയും ഗുണങ്ങളോടുകൂടിയ ശൂദ്രൻ ഉണ്ടായി ഉല്പാദനപ്രക്രിയയിൽ ഏർപ്പെട്ട്, സകലർക്കും അന്നവും വസ്ത്രവും കൊടുക്കുന്ന 'ലോകരക്ഷകരായി'ത്തീർന്നു- ഇതാണ് പരാമർശം. ഈ മന്ത്രങ്ങൾക്ക് ഭാഷ്യകാരന്മാർ അർത്ഥം പറയാതെയിരുന്നത് മനഃപൂർവ്വമുള്ള വഞ്ചനയാണെന്ന് ഞാൻ പറയുന്നില്ല. അവർ ഒരക്ഷരം പറഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം.

ഇന്നു സഖാവ് ഇ.എം.എസ് ഉല്പാദനപ്രക്രിയയിൽ മുഴുകിയിരിക്കുന്ന ശൂദ്രന്റെ വിജയം സന്തോഷത്തോടുകൂടി സ്വീകരിക്കും എന്നു ഞാൻ കരുതുന്നു. നാം ഒരേ പന്ഥാവിൽത്തന്നെയാണ്. 'ഹിന്ദു' പത്രത്തിൽ വളരെ പ്രാധാന്യം നല്കിയിരുന്ന ശീർഷകം,-Let's build a heaven on earth for poor: EMS എന്നായിരുന്നു. അതിൽപ്പറയുന്ന ബിഷപ്പ് ഡോക്ടർ പൗലോസ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ ഒരു വിഭാഗത്തിന്റെ ബിഷപ്പാണെങ്കിലും അദേഹം 'ഓർത്തഡോക്സ്' ആണെന്നു ഞാൻ കരുതുന്നില്ല.

'റിലീജിയസ് ഫിലോസഫർ' എന്ന ഒരു വാക്കില്ല. സ്വതന്ത്രമായി ചിന്തിക്കുന്ന ഒരാളാണ് 'ഫിലോസഫർ'. സമൂഹത്തിൽ ബദ്ധനായിരിക്കുന്ന ഒരാളാണ് 'റിലീജിയസ്' ആയിട്ടുള്ളവൻ. എന്നെ വിശേഷിപ്പിച്ചിരിക്കുന്ന 'റിലീജിയസ് ഫിലോസഫർ' എന്നതിലെ 'റിലീജിയസ്' എന്റെ തലയ്ക്കു ചേരുന്ന തൊപ്പിയല്ലെന്നു സാദരം അറിയിച്ചുകൊള്ളട്ടെ.

ലോകത്തെ എല്ലാ മനുഷ്യസ്നേഹികളും കമ്മ്യൂണിസ്റ്റുകളായിരുന്നു. അതുകൊണ്ട് ആ വാക്കിനോട് എനിക്കു വിരോധമില്ല. യഹൂദന്മാരുടെ മോസസ്സും ബൈബിളിലെ ക്രിസ്തുവും മക്കത്തുനിന്നും മദീനയിലേക്ക് ഓടിപ്പോയ മരുഭൂമിയിലെ പ്രവാചകനും ചൂഷണസമ്പ്രദായങ്ങളെ പൊറുപ്പിക്കുന്നവരായിരുന്നില്ല. ലൂക്കോസ് പതിനൊന്നാം അദ്ധ്യായം നോക്കുക. പതിനൊന്നാം അദ്ധ്യായം മുപ്പത്തി ഒൻപതാം വാക്യത്തിൽ യേശു പറയുന്നു:

> എല്ലാരുമെല്ലാർക്കുമോമനകൾ. ആ മനോഭാവം വളർത്തിയെടുക്കുമ്പോഴേ നാം കമ്മ്യൂണിസ്റ്റുകളോ കമ്മ്യൂണിയനിസ്റ്റുകളോ ആകുകയുള്ളൂ.

"നിങ്ങൾ ഫരിസേയർ, ചഷകങ്ങളുടെയും പാത്രങ്ങളുടെയും പുറം വൃത്തിയാക്കുന്നു. എന്നാൽ, നിങ്ങളുടെ ഉള്ളിൽ കൊള്ളയും കൊലയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു. വിഡ്ഢികളേ, പുറം നിർമ്മിച്ചവൻതന്നെയല്ലേ അകവും നിർമ്മിച്ചത്? നിങ്ങൾക്കുള്ളവയെല്ലാം ദാനമായി കൊടുക്കുക. അപ്പോൾ നിങ്ങൾക്ക് എല്ലാം ശുദ്ധിയുള്ളതായിത്തീരും.

(ലൂക്കോ 11-39:40:41)

"എന്നാൽ ഫരിസേയരേ,നിങ്ങൾക്കു ദുരിതം! കാരണം, നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ സസ്യങ്ങളിലും ദശാംശം കൊടുക്കുന്നു: എന്നാൽ നീതിയും ദൈവസ്നേഹവും നിങ്ങൾ അവഗണിക്കുന്നു. ഇവയാണ് മറ്റുള്ളവയെ അവഗണിക്കാതെതന്നെ നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. ഫരിസേയരേ, നിങ്ങൾക്കു ദുരിതം! കാരണം നിങ്ങൾ സുനഗോഗുകളിൽ, ഏറ്റം മികച്ച ഇരിപ്പിടവും ചന്തസ്ഥലങ്ങളിൽ അഭിവാദനവും മോഹിക്കുന്നു. നിങ്ങൾക്കു ദുരിതം! കാരണം കണ്ണിൽപ്പെടാത്ത കുഴിമാടങ്ങൾപോലെയാണു നിങ്ങൾ. മനുഷ്യർ, അറിയാതെ അവയുടെ മീതെ നടക്കുന്നു.

(ലൂക്കോ 11-42:43:44)

"അവൻ പറഞ്ഞു: "നിയമജ്ഞരേ, നിങ്ങൾക്കും ദുരിതം! ദുർവഹമായ ചുമടുകൾ നിങ്ങൾ മനുഷ്യരുടെമേൽ ചുമത്തുന്നു. നിങ്ങളാകട്ടെ, ഒരു വിരൽകൊണ്ടുപോലും ആ ചുമടുകൾ തൊടുന്നില്ല. നിങ്ങളുടെ പിതാക്കന്മാർ കൊന്ന പ്രവാചകർക്ക് നിങ്ങൾ ശവക്കല്ലറകൾ നിർമ്മിക്കുന്നു.

(ലൂക്കോ 11-46:47)

ഇപ്രകാരം പറയുന്ന ഒരാളിനെ നാം വിപ്ളവകാരി എന്നല്ലേ വിളിക്കേണ്ടുന്നത്? മന്ത്രിപദം കൊതിച്ചിരിക്കുന്ന ഒരാളിനെ നാം കമ്മ്യൂണിസ്റ്റ് എന്നു വിളിക്കണമോ? രാഷ്ട്രീയത്തിലാണോ നേതൃത്വം നല്കേണ്ടുന്നത്? അതോ ഉല്പന്നങ്ങൾ വിളയിക്കുവാനും നിരത്ത് നന്നാക്കുവാനും പരിസരം വൃത്തിയാക്കുവാനും സമയം കാണുന്നവനാണോ?

'നാളെ നല്ല നാൾ വരും, അന്നു നമുക്ക് സുഭിക്ഷമായി ഉണ്ണാം' എന്നല്ല പറയേണ്ടുന്നത്. 'വരൂ സഹോദരന്മാരേ, നമുക്ക് ഒന്നിച്ചു പണിയെടുത്ത് ഇന്ന് ഇവിടെത്തന്നെ നല്ല ആഹാരം കഴിക്കാം' എന്നാണ് പറയേണ്ടുന്നത്- പറയുകയല്ല ചെയ്യുകയാണ് വേണ്ടത്. ഞങ്ങളുടെ പാട്ട് ഇങ്ങനെയാണ്,

ഒന്നായ മാനവർക്കൊറ്റ നീതി
ഈ മണ്ണ് നമ്മുടെ ആകെ ഭൂമി
ഒന്നായ് പണിയെടുത്തുണ്ണണം
നാം
എല്ലാരുമെല്ലാർക്കുമോമനകൾ.

ആ മനോഭാവം വളർത്തിയെടുക്കുമ്പോഴേ നാം കമ്മ്യൂണിസ്റ്റുകളോ കമ്മ്യൂണിയനിസ്റ്റുകളോ ആകുകയുള്ളൂ.

ഒരാൾ രാജാവായിരിക്കാം. വേറൊരാൾ പ്രാകൃതനായ കുഷ്ഠരോഗിയായിരിക്കാം. എന്നാൽ അല്ലാഹുവിന്റെ പേരിൽ രാജാവ് കുഷ്ഠരോഗിയുടെ ചുണ്ടിൽ ഉമ്മവയ്ക്കുമ്പോൾ അതിനെയാണ് ഞാൻ യഥാർത്ഥ ദൈവസ്നേഹം എന്നു വിളിക്കുക. ഇത് ഞാൻ നേരിട്ടു കണ്ടിട്ടുള്ളതായ ഒരു കാര്യമാണ്. ഗൾഫിലെ ഒരു ഷേയ്ക്കിന്റെ കല്യാണപ്പന്തലിൽ വന്ന കോടീശ്വരന്മാരെയും വിഡോവിയന്മാരെയും കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കുന്നതിനിടയ്ക്ക് ഷേക് ഒരു കുഷ്ഠരോഗിയേയും നിർവ്വിശങ്കം ചുണ്ടിലുമ്മ കൊടുത്ത് ആലിംഗനം ചെയ്യുന്നതു കണ്ടപ്പോൾ എനിക്കു തോന്നി മനുഷ്യനു മനുഷ്യൻ ഒരിക്കലും അപ്രിയനാകേണ്ടതില്ല എന്ന്.

അങ്ങ് പറഞ്ഞല്ലോ ഈ ഭൂമി ഒരു സ്വർഗ്ഗരാജ്യമാക്കണമെന്ന്. 1922 ഏപ്രിൽ മാസത്തിൽ കുമാരനാശാൻ 'സ്വാതന്ത്ര്യഗാഥയിൽ' എഴുതി:

സത്യം ശ്വസിച്ചും സമത്വം കണ്ടും സ്നേഹ-
സത്തു നുകർന്നും കൃതാർത്ഥരായി
സദ്ധർമ്മത്തൂടെ നടക്കട്ടെ മാനവ-
രിദ്ധര സ്വർഗ്ഗമായ്ത്തീർന്നിടട്ടെ!

ആ നാലുവരിയിലെ അവസാനത്തെ വരിയാണല്ലോ അങ്ങു പറഞ്ഞത്- ഈ ധര സ്വർഗ്ഗമായിത്തീർന്നിടട്ടെ എന്ന്. കുമാരനാശാൻ ഷെല്ലിയുടേയും കീ

പുസ്തകവാർത്ത

യക്ഷി
മലയാറ്റൂർ
അനാദികാലം മുതൽ സുന്ദരിയായി ഈ ഭൂമുഖത്ത് ചുറ്റിത്തിരിഞ്ഞിട്ടൊടുവിൽ, തൻെറ പ്രിയപ്പെട്ട ശ്രീനിയുടെ മുമ്പിൽ പുകച്ചുരുളുകൾപോലെ അദൃശ്യയായ രാഗിണിയുടെ കഥ...
സൈക്കഡെലിക് വിഭ്രാന്തിയിലേക്കും അനുഭൂതികളിലേക്കും നയിക്കുന്ന ഈ നോവൽ മലയാറ്റൂരിൻെറ രചനാനൈപുണിക്ക് മികച്ച ദൃഷ്ടാന്തമാണ്. 44.00

ഗുരു
കെ.സുരേന്ദ്രൻ
മനുഷ്യരാശിയുടെ നിത്യചൈതന്യമായി പരിലസിക്കുന്ന ശ്രീനാരായണഗുരുവിൻെറ ഇതിഹാസസമാനമായ ജീവിതത്തിൻെറ ആത്മസൗന്ദര്യം ആവാഹിക്കുന്ന ഉജ്ജ്വല നോവൽ. 1994-ലെ വയലാർ അവാർഡ് നേടിയ കൃതി.
5-ാം പതിപ്പ്. 90.00

സ്മൃതിദർപ്പണം
എം.പി.മന്മഥൻ
അസാധാരണമായ ഒരു ജീവിതകഥ ഓർമയുടെ കണ്ണാടിയിൽക്കൂടി ഇവിടെ മിന്നിമായുന്നു. ഹൃദയസംസ്കരണക്ഷമവും വിജ്ഞാനപ്രദവും രസകരവുമായ ചിത്രപരമ്പരകൾ...
ഫലേച്ഛയില്ലാതെ സമൂഹത്തെ സേവിക്കാൻ ഇറങ്ങിത്തിരിച്ച നന്മയുടെ പ്രതീകമായിരുന്ന ഒരു വലിയ മനുഷ്യൻെറ ആത്മകഥ. ജി. കുമാരപിള്ളയുടെ അവതാരിക.
2-ാം പതിപ്പ്. 60.00

പൽപ്പു മുതൽ മുണ്ടശ്ശേരി വരെ
സി.ആർ.കേശവൻ വൈദ്യർ
ഡോ.പൽപ്പു, മൂർക്കോത്തു കുമാരൻ, സഹോദരനയ്യപ്പൻ, സി. കേശവൻ, കെ.പി. കേശവമേനോൻ, മന്നത്തു പത്മനാഭൻ, കെ. കേളപ്പൻ, സി. അച്യുതമേനോൻ, വി. ടി. ഭട്ടതിരിപ്പാട്, മുണ്ടശ്ശേരി തുടങ്ങി 30 മഹദ് വ്യക്തികളെക്കുറിച്ചുള്ള ഉപന്യാസങ്ങൾ. അവതാരിക: ഡോ. സുകുമാർ അഴീക്കോട്.
പരിഷ്കരിച്ച 2-ാം പതിപ്പ്. 40.00

ഡിസിബി പ്രസിദ്ധീകരണം
വിതരണം
കറൻറ് ബുക്സ്
17 ശാഖകൾ
dc 209

റ്റ്സിന്റേയും റൊമാന്റിസിസത്തിന്റെ കല്പനാലോകത്തുനിന്നുകൊണ്ടു പറഞ്ഞതാണിത്. എന്നാൽ കുറേക്കൂടി സത്യസന്ധമായി ആശാൻ പറഞ്ഞ വേറൊരു ശ്ലോകമുണ്ട്.

എന്തിന്നു ഭാരതധരേ! കരയുന്നു? പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ,
ചിന്തിക്ക, ജാതിമദിരാന്ധ, രടിച്ചു തമ്മി-
ലന്തപ്പെടും തനയ,രെന്തിനയേ 'സ്വരാജ്യം'?

ആശാന്റെ ഈ വാക്കുകൾ ഒരു പ്രവചനംപോലെ ഇന്നു സത്യമായിരിക്കുന്നു.

അങ്ങ് സ്വർഗ്ഗമെന്നു പറഞ്ഞപ്പോൾ ഞാൻ ഹിന്ദുവിന്റെ സ്വർഗ്ഗത്തെപ്പറ്റി ഓർത്തുപോയി. വിശ്വാമിത്രൻ ഒരു മനുഷ്യനെ സ്വർഗ്ഗത്തിലേക്ക് അയച്ചപ്പോൾ ദേവേന്ദ്രൻ അയാളെ കാലിൽപ്പിടിച്ച് ഉച്ചികുത്തി ഭൂമിയിലേക്ക് എറിയുകയാണു ചെയ്തത്. മൈത്രിയുടെ പേരിൽ വിശ്വാമിത്രൻ ആ ത്രിശങ്കുവിന് അവിടെ ഒരു സ്വർഗ്ഗമുണ്ടാക്കിക്കൊടുത്തുവത്രേ. മഹാഭാരതത്തിൽ സ്വർഗ്ഗത്തെ വെല്ലുവിളിച്ച യുധിഷ്ഠിരന്റ കഥയുണ്ട്. യുധിഷ്ഠിരൻ സ്വർഗ്ഗത്തിലേക്കു പോകാൻ ദേവേന്ദ്രനയച്ച കനകത്തേരിൽ കയറാൻ തുടങ്ങുമ്പോൾ അതാ യുധിഷ്ഠിരന്റെ പിന്നാലേ ഒരു നായ. എന്നാൽ സ്വർഗ്ഗത്തിൽനിന്നും മുറവിളിയുണ്ടായി- നായയെ സ്വർഗ്ഗത്തിൽ കൊണ്ടുവരാൻ പാടില്ലെന്ന്. അതിനു യുധിഷ്ഠിരൻ പറഞ്ഞ മറുപടി, "എന്റെ നായയ്ക്കു കേറാൻ പറ്റാത്ത സ്വർഗ്ഗത്തിൽ ഞാനും വരുന്നില്ല." എന്നായിരുന്നു.

'ഡാന്റെ' വിവരിക്കുന്ന സ്വർഗ്ഗത്തിൽ പോകണമെങ്കിൽ നരകത്തിൽ ദീർഘനാൾ കിടന്നു വലയുകയും പൊരിയുകയുമൊക്കെ വേണം. കല്ലേറും ചാട്ടവാറടിയും കഴുത്തറുപ്പുമൊക്കെ അതിനിടയിലുണ്ടാകും. നരകം കഴിഞ്ഞാൽ പിന്നെ ശുദ്ധീകരണത്തിനുള്ള ഇടമാണ്- പർഗെറ്റേറിയോ. അവിടുത്തെ യാതനകളെല്ലാം അനുഭവിച്ചതിനുശേഷം പാമ്പിന്റേയും പഴുതാരയുടേയും ഒക്കെ കടി കഴിഞ്ഞിട്ടു വേണം സ്വർഗ്ഗത്തിലേക്കു തിരിക്കാൻ. സ്വർഗ്ഗവാതിലോളം എത്തിയ സ്റ്റീഫനും കല്ലേറ് കിട്ടുന്നുണ്ട്. അവസാനം സ്വർഗ്ഗരാജ്യത്തിൽ-പാരഡൈസോ-എത്തിയാലോ......? ഭൂലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് ഏറ്റവും അപലപിക്കപ്പെട്ട ബിയാട്രിസാണ്, സെന്റ തോമസിനെപ്പോലും സ്വർഗ്ഗത്തിലേക്ക് ആശ്വാസവചനങ്ങൾ പറഞ്ഞ് കൂട്ടിക്കൊണ്ടുപോകുവാൻ വരുന്നത്.

യേശു മാത്രം ഒരു സത്യം പറഞ്ഞു: "നിന്റെ ദൈവരാജ്യം ആ മലയിലുമല്ല, ഈ- മലയിലുമല്ല, യെരുശലേമിലുമല്ല; നിന്റെ ഹൃദയത്തിലാണ് എന്ന്. അതുകൊണ്ട് ഏറ്റവും ബഹുമാനത്തോടും വിശ്വാസ്യതയോടും പറയട്ടേ, എന്റെ സംപൂജ്യനായ സുഹൃത്തേ, നമുക്കു സമൂഹത്തിൽ പല മാറ്റങ്ങളും വരുത്തുന്നതിനുമുമ്പ് ഹൃദയത്തിൽത്തന്നെ പല മുൻവിധികളും അഴിച്ചുകളയേണ്ടതായിട്ടു വരും. അതിനുള്ള കഴിവ് അങ്ങേയ്ക്കുണ്ട്.

ഇന്നലെ ചെയ്തതും പറഞ്ഞതുമായ അബദ്ധങ്ങളിൽത്തന്നെ നാം പിടിമുറുക്കി നില്ക്കാതെ നമ്മുടെ ഹൃദയത്തെ ഒരു പുതിയ ഭൂമികയാക്കണം. അവിടെ സ്വർഗ്ഗമൊന്നും പണിയേണ്ടാ. സത്യസന്ധതയുടേയും പരസ്പരമുള്ള വിശ്വാസത്തിന്റേയും നല്ല മനോഭാവം ഉണ്ടാക്കിയെടുക്കുകയാണ് വേണ്ടത്.

എന്തിനു പാവങ്ങൾക്കായി മാത്രം ഒരു സ്വർഗ്ഗം? നാമെല്ലാം പാവങ്ങളല്ലേ? പണമല്ല ഒന്നിന്റേയും മാനദണ്ഡം.

ബിഷപ്പ് അവർകളുടെ കാര്യം അദ്ദേഹംതന്നെ പറയട്ടെ.

നേരത്തേതന്നെ അങ്ങയോട് ഒരുകാര്യം ഞാൻ പറഞ്ഞിട്ടുണ്ട്. നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാമെന്ന്. ആദ്യം നമുക്കു ചെറിയ കുഞ്ഞുങ്ങളെ രക്ഷിക്കാൻ ശ്രമിക്കാം. കേരളത്തിൽ ശിശുപീഡനം വളർത്തിക്കൊണ്ടുവരുന്ന എൽ.കെ.ജി, യു.കെ.ജി എന്നീ വിദ്യാലയങ്ങൾ ഉടനേ നിറുത്തിക്കുവാൻ കഴിയുമോ? അങ്ങേയ്ക്ക് അതു കഴിയണം. വിദ്യാഭ്യാസത്തിൽക്കൂടി നാം കണ്ടു സഹിക്കണം? നമ്മുടെ സഖാക്കളുടെ മക്കൾക്കുവേണ്ടിയെങ്കിലും നാം കോഴ കൊടുക്കേണ്ടാത്ത ഒരു സ്കൂൾ ഉണ്ടാക്കുമോ? ഇതൊക്കെയാണ് ഞാൻ സ്വപ്നം കാണുന്ന കമ്മ്യൂണിസം.

ലൈബ്രറികളുടെ ശ്രദ്ധയ്ക്ക്
ഏറ്റവും മികച്ച പുസ്തകങ്ങൾ
എല്ലാ പ്രസാധകരുടേയും പുസ്തകങ്ങൾ
ഏററവും അധികം ആനുകൂല്യങ്ങൾ
സി.ഐ.സി.സി.യുടെ മാത്രം പ്രത്യേകത. ഇന്നുതന്നെ ബന്ധപ്പെടുക
C.I.C.C. BOOK HOUSE
PRESS CLUB ROAD
ERNAKULAM

ഈ ഓണം മുതൽ
ഇംപ്രിന്റ് ബുക്സ്
പ്രതിമാസം 50രൂ വിലയുള്ള പുസ്തകം വീതം 600 രൂപയുടെ ഇംപ്രിൻറ് പുസ്തകങ്ങൾക്ക്
ഇപ്പോൾ
300 രൂ. ഡി ഡി/എം ഒ അയക്കുക.
ആദ്യപുസ്തകം. കൃഷ്ണകവിതകൾ മടക്കത്തപാലിൽ ലഭിക്കുന്നു. തുടർന്ന് അഴീക്കോടിന്റെ ഫലിതങ്ങൾ, ഭാരം നിറഞ്ഞ, ഹൃദയം. ടി. എൻ. ശേഷൻ..
സൗജന്യം..
ഇപ്പോൾ 300 അടയ്ക്കുന്നവർക്ക് 1996 ലെ ഡയറി
ഇംപ്രിൻറ് ബുക്സ്
കൊല്ലം- 691008
ഫോൺ. 741280, 76809, ഫാക്സ്. 474-203170
IMPRINT
അടുത്ത ഓണം വരെ